(ഡി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇത് 75:25 അനുപാതത്തിൽ യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാർ വകയിരുത്തുന്നു. കേരളത്തിൽ എസ്സി. ജനറൽ വിഭാഗങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് 2 ലക്ഷമായും എസ്റ്റി. വിഭാഗത്തിന് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിന് ആവശ്യമായ തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ ഓരോ വീടിനും അധിക ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.. ബാക്കിത്തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്തി നൽകുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഐ.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണം

36 (3002) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. ഭവനനിർമ്മാണപദ്ധതി പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് സർക്കാർ വിഹിതം ലഭിക്കാത്തതിനെ തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പൂർത്തിയാക്കാത്ത എത്ര ഭവനങ്ങളാണ് അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

വർഷം	പൂർത്തിയാക്കാത്ത വീടുകൾ
2012-13	32
2013-14	29
2014-15	60
ആകെ	121

LIBRARY ARCHIVES Kerala Legislative Assembly